**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1747** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | വിഴിഞ്ഞം പദ്ധതി കരാർപ്രകാരമുള്ള തീയതിക്കുള്ളിൽ (03-12-2019) പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. ഇതിനെതുടർന്ന് കരാർ കമ്പനി നേരിട്ട് ക്വാറികൾ സ്ഥാപിച്ച് പാറ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. ക്വാറികൾ സ്ഥാപിക്കുന്നതിനായി കരാർ കമ്പനി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിവിധ വകുപ്പ് / ഏജൻസികളെ ഏകോപിപ്പിച്ചും ത്വരിതപ്പെടുത്തികൊണ്ടും അനുമതികൾ ലഭ്യമാക്കുന്നതിനായി സർക്കാർ വിവിധ തലത്തിൽ യോഗങ്ങൾ നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി നിരന്തരം വിലയിരുത്തി പദ്ധതി എത്രയും വേഗം പൂർത്തീകരി ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുടെ പുനരധിവാസവും മറ്റ് അനുബന്ധ ആവശ്യങ്ങളും പരിഗണിച്ച് പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. പ്രദേശ വാസികളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കൂടിയാലോചനകളിൽക്കൂടിയാണ് നടപ്പിലാക്കി വരുന്നത്. ചർച്ച ചെയ്യുന്നതിനായി പ്രദേശവാസികളിൽ നിന്നും ഉയർന്നു വരുന്ന വിഷയങ്ങൾ അതാത് സമയങ്ങളിൽ തന്നെ ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും ചർച്ച ചെയ്തു വരുന്നുണ്ട്. കൂടാതെ, പദ്ധതി ബാധിത പ്രദേശമായ കോട്ടപ്പുറത്തെ പുനരധിവാസ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിച്ച് |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് കമ്മറ്റി സർക്കാർ രൂപീകരിക്കുകയും ടി മോണിറ്ററിംഗ് കമ്മറ്റി വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരുന്നുണ്ട്.<br><br>വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായും തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിച്ചു കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്. കൂടാതെ, ഈ മേഖലയിൽ 7.3 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച ജല ശുദ്ധീകരണ ശാല ഉൾപ്പെടെ 1000-ത്തോളം വീടുകൾക്ക് സൗജന്യ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിക്കഴിഞ്ഞു. വിഴിഞ്ഞത്ത് നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 100 കിടക്കകൾ ഉള്ള ആധുനിക ആശുപത്രിയായി 4 നിലകളിൽ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പൂർത്തികരണ ഘട്ടത്തിലാണ്. നിരവധി വർഷങ്ങളായി മലിനപ്പെട്ട് കിടന്ന ഗംഗയാർ തോട് മാലിന്യങ്ങൾ നീക്കം ചെയ്ത് തടസരഹിതമായി ഒഴുകുവാനുള്ള പദ്ധതി നടപ്പിലാക്കി.<br><br>സർക്കാരിന്റെ ഒരേക്കർ സ്ഥലത്ത് കളിസ്ഥലം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. വയോധികർക്കായി ഒരു പകൽവീട് പദ്ധതി പ്രദേശത്ത് സ്ഥാപിക്കുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കോട്ടപ്പുറത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു MRF (മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി) സ്ഥാപിക്കുന്ന തിനുള്ള ഉത്തരവ് നൽകി. വിഴിഞ്ഞം മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും കുടുംബാംഗ ങ്ങൾക്കും പ്രയോജനം ചെയ്യുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു ആധുനിക സീഫുഡ് പാർക്ക് സ്ഥാപിക്കുന്ന തിനാവശ്യമായ സ്ഥലം കണ്ടെത്തി പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകുന്നു. ഇങ്ങനെ പദ്ധതി ബാധിത പ്രദേശങ്ങളിൽ വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ സർക്കാർ മേൽനോട്ടത്തിൽ നടത്തി വരുന്നു. ഇതു കൂടാതെ നിരവധി CSR പ്രവർത്തനങ്ങൾ തുറമുഖ കരാർ കമ്പനിയുമായി ചേർന്നും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ